**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് 2009-10 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(11), 3(12) എന്നിവയും 2010-11 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(5), 3(7) എന്നിവയും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 811/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 26/03/2013

പരാമർശം:- 1) 08/10/2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-28070/12 നമ്പർ കത്ത്.
2) 29/01/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്.പിറ്റി3/23728/12 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(11) പ്രകാരം വികലാംഗർക്ക് ഉപകരണം വാങ്ങി നൽകൽ എന്ന പദ്ധതിയുടെ ഭാഗമായി 71 കണ്ണടകൾക്ക് ചെലവാക്കിയ 16,969/- രൂപയും ഖണ്ഡിക 3(12) പ്രകാരം ആരോഗ്യ ബോധവൽക്കരണ ക്യാമ്പ്, മെഡിക്കൽ ക്യാമ്പ് എന്നിവയ്ക്ക് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 15,009/- രൂപയും 2010-11 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(5) പ്രകാരം ഫ്രണ്ട്സ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായും പഞ്ചായത്ത് ഓഫീസിൽ കുടിവെള്ളമെത്തിക്കുന്നതിനായും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച 3,74,798/- രൂപയുടെ ചെലവും ഖണ്ഡിക 3(7) പ്രകാരം സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് കണ്ണട വാങ്ങി നൽകിയതിന് ചെലവഴിച്ച 21,510/- രൂപയുടെ ചെലവും ഓഡിറ്റ് നിരാകരിച്ചിരുന്നു.

വെട്ടത്തൂർ ഗ്രാമപഞ്ചായത്തിൽ പട്ടിക വർഗ്ഗ വിഭാഗത്തിനും, സമൂഹത്തിൽ അത്യധികം പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പട്ടിക ജാതി,

മറ്റു പിന്നോക്ക വിഭാഗം, വൃദ്ധർ എന്നിവർക്കു കൂടി പ്രയോജനം ലഭിക്കുന്നതിന് വേണ്ടി നടത്തിയ പ്രോജക്ട് പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച 15,009/- രൂപക്ക് സാധൂകരണം നൽകണമെന്ന 26/06/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനവും മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2009-10-ൽ നടപ്പിലാക്കിയ 49/2009 നമ്പർ പ്രോജക്ടായ വികലാംഗർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കൽ പ്രകാരം 71 പേർക്ക് കണ്ണട വിതരണം ചെയ്തത് പ്രോജക്ടിന്റെ ഭാഗമായി വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനാ ക്യാമ്പിൽ കണ്ടെത്തിയ കാഴ്ച വൈകല്യമുള്ള 71 പേർക്ക് വികലാംഗ സഹായ ഉപകരണമായി കണ്ണട നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണെന്നും ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 16,969/- രൂപക്ക് സാധൂകരണം നൽകണമെന്ന 26/06/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(2)-ാം നമ്പർ തീരുമാനവും മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ ഉൾപ്പെടുത്തി നടപ്പാക്കിയതുവഴി പൊതുജനങ്ങൾക്ക് ഇരിപ്പിടം, ടോയ് ലറ്റ് സൗകര്യം, കുടിവെള്ള സൗകര്യം, ഫ്രണ്ട് ഓഫീസിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം മുതലായവ സ്ഥാപിക്കുന്നതിന് ചെലവഴിച്ച 3,49,892/- രൂപയും കുടിവെള്ളമെത്തിക്കുന്നതിന് ചെലവഴിച്ച 24,906/- രൂപയും ഉൾപ്പെടെ മൊത്തം 3,74,798/- രൂപക്ക് സാധൂകരണം നൽകണമെന്ന 26/06/2012-ലെ 1(3)-ാം നമ്പർ തീരുമാനവും മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ വികലാംഗർക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നൽകൽ എന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി വികലാംഗരായ ഗുണഭോക്താക്കൾക്ക് റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ 43 കണ്ണടകൾ വാങ്ങിയ ഇനത്തിൽ ചെലവു വന്ന 10,277/- രൂപയും വൃദ്ധ ശിശു ആരോഗ്യ പരിപാലനം എന്നതിന്റെ ഭാഗമായി കാഴ്ച ശക്തി കുറഞ്ഞ 47 വൃദ്ധൻമാർക്ക് കണ്ണട നൽകിയതിൽ വന്ന ചെലവിനത്തിൽ 11,233/- രൂപയും ഉൾപ്പെടെ മൊത്തം 21,510/-രൂപക്ക് സാധൂകരണം നൽകണമെന്ന 26/06/2012-ലെ 1(4)-ാം നമ്പർ തീരുമാനവും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിഗണിച്ചും ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയുടെയുമടിസ്ഥാനത്തിൽ മേൽ പറഞ്ഞ തുകകൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(11) പ്രകാരം ചെലവഴിച്ചിരുന്ന 16,969/- രൂപയും (പതിനാറായിരത്തി തൊള്ളായിരത്തി അറുപത്തിയൊമ്പത് രൂപ മാത്രം) ഖണ്ഡിക 3(12) പ്രകാരം ചെലവഴിച്ച 15,009/-രൂപയും (പതിനഞ്ചായിരത്തി ഒമ്പത് രൂപ മാത്രം) 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(5) പ്രകാരം ചെലവഴിച്ച 3,74,798/-രൂപയും (മൂന്ന് ലക്ഷത്തി എഴുപത്തിനാലായിരത്തി എഴുനൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ഖണ്ഡിക 3(7) പ്രകാരം ചെലവഴിച്ച 21,510/- രൂപയും (ഇരുപത്തിയൊന്നായിരത്തി അഞ്ഞൂറ്റി പത്ത് രൂപ മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,

ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സെക്രട്ടറി, വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ